# കുടുംബബന്ധങ്ങൾ ശക്തമാക്കാൻ ബോധവൽക്കരണം അനിവാര്യം: കേന്ദ്രമന്ത്രി ഇ.അഹമ്മദ്

കണ്ണൂർ: കുടുംബ ബന്ധങ്ങൾ ശക്തമാക്കാൻ ബോധവൽക്കരണം അനിവാര്യമാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ അഹമ്മദ്.ദിനേശ് ഓഡിറ്റോറിയത്തിൽ റിയാദ് കെ.എം.സി.സി കണ്ണൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സമൂഹ വിവാഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആർഭാട രഹിത വിവാഹങ്ങളെ പ്രവാസി സംഘടനകൾ പരമാവധി പ്രോൽസാഹിപ്പിക്കണമെന്നും ഇ. അഹമ്മദ് പറഞ്ഞു. മുസ്‌ലീം ലീഗ് ജില്ലാ പ്രസിഡന്റ് വി കെ അബദുൽ ഖാദർ മൗലവി അദ്ധ്യക്ഷത വഹിച്ചു. നിക്കാഹ് കർമ്മത്തിന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ കാർമ്മികത്വം വഹിച്ചു.സെയ്തു മുഹമ്മദ് നിസാമി ഉദ്ബോധനം നടത്തി. കോ-ഓർഡിനേറ്റർ അധ്യ. പി വി സൈനുദ്ദീൻ പ്രവർത്തന പരിപാടി വിശദീകരിച്ചു.ഇതോട് അനുബന്ധിച്ച് നടന്ന കുടുംബ സംഗമം അബ്ദു റഹിമാൻ രണ്ടത്താണി എം.എൽ.എ ഉദ്ഘാടനം ചെയ്തു. കെ.എം.സി.സി സെക്രട്ടറി പി.പി ഹാഷിം അദ്ധ്യക്ഷത വഹിച്ചു.അബ്ദുൽ കരിം ചേലേരി, കെ വി ഹാരിസ്,കെ കെ മുഹമ്മദ്, എം എ കരിം, അൻസാരി തലശ്ശേരി, മഹമൂദ് അള്ളാംകുളം, എം പി മുസ്തഫ പ്രസംഗിച്ചു. യു പി മുസ്തഫ സ്വാഗതം പറഞ്ഞു.

റിയാദിലെ സാമൂഹിക സേവന സാംസ്കാരിക രംഗത്ത് സേവനങ്ങൾ സമർപ്പിച്ച ഡേവിഡ് ലുക്ക്, സോന മോഹനൻ, വി പി മുഹമ്മദാലി, ഷാജി അരിപ്ര, ആലുങ്കൽ മുഹമ്മദ് എന്നിവർക്കുള്ള ശിഹാബ് തങ്ങൾ മാനവ സേവ പുരസ്കാരങ്ങൾ കെ എം ഷാജി എം എൽ എയിൽ നിന്ന് സഊദി കെ എം സി സി നാഷനൽ കമ്മിറ്റി സെക്രട്ടറി കെ പി മുഹമ്മദ് കുട്ടി ഏറ്റ് വാങ്ങി. മുസ്‌ലീം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് കെ വി മുഹമ്മദ് കരീം, പ്രോഗ്രാം കമ്മിറ്റി ചെയർമാൻ വി പി വമ്പൻ സംഘാടക സമിതി ജനറൽ കൺവീനർ വി കെ മുഹമ്മദ് പ്രസംഗിച്ചു. സിറാജുദ്ദിൻ-സാജിറ(പേരാവൂർ) റഷീദ് -റസീന (പയ്യന്നൂർ) സുൽത്താൽ-കുഞ്ഞാമിന(തളിപ്പറമ്പ്)സിറാജ്-സാജിത(ധർമ്മടം) ഫയാസ്-ആയിഷ (ഇരിക്കൂർ)മുസ്തഫ-സമീറ(മട്ടന്നൂർ)എന്നിവരുടെ വിവാഹമാണ് ഇന്നലെ നടത്തിയത്.റിയാദ് കണ്ണൂർ ജില്ലാ കെ എം സി സി ഭാരവാഹികളായ എം പി മുസ്തഫ, ലിയാക്കത്ത് അലി, യാക്കൂബ് കാവുമ്പാടി, ഷാനവാസ് ആറളം, ഇബ്രാഹിം ഉളിക്കൽ, മുഹമ്മദ് നാടക്കാട് ,അസ്സു തലശ്ശേരി, റസാഖ് വാളക്കൈ, മുസ്തഫ ചിലക്കോട് ,വയേരി കുഞ്ഞമ്മദ്, ടി വി മുഹമ്മദ്, സത്താർ എഞ്ചിനിയർ നേതൃതം നൽകി



*റിയാദ് കെ.എം.സി.സി കണ്ണൂർ ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച സമൂഹ വിവാഹത്തിൽ നിക്കാഹ് കർമ്മത്തിന് പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ കാർമികത്വം വഹിക്കുന്നു.സെയ്തു മുഹമ്മദ് നിസാമി, വി കെ അബദുൽ ഖാദർ മൗലവി, കേന്ദ്രമന്ത്രി ഇ.അഹമ്മദ്, അബ്ദുറഹ്മാൻ രണ്ടത്താണി എം.എൽ.എ, കെ.പി മുഹമ്മദ്കുട്ടി തുടങ്ങിയവർ സമീപം*